തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

3 (*149) ശ്രീ. പി. രാഘവൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനപ്രവർത്തനങ്ങൾ ഇപ്പോൾ എത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിമാനത്താവള വികസനത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ എന്തു തുക നൽകിയിട്ടുണ്ട്;

(ഡി) വിമാനത്താവള വികസനത്തിനായി സ്ഥലം അക്വയർ ചെയ്യുന്ന നടപടി പൂർത്തീകരിച്ചോ;

(ഇ) ഇതുവരെ എത്ര ഏക്കർ സ്ഥലം ഇതിനുവേണ്ടി അക്വയർ ചെയ്തിട്ടുണ്ട്;

(എഫ്) ഇനി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യാനാണുദ്ദേശിക്കുന്നത്;

(ജി) സ്ഥലം അക്വയർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : സർ,

(എ) തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചതിനുശേഷം നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പ്രധാന റോഡ്വേയുടെ നീളംകൂട്ടുക, ടാക്സിട്രാക്കുകൾ കൂടുതൽ ബലപ്പെടുത്തുക, ഇന്റർനാഷണൽ ടെർമിനൽബിൽഡിംഗ് എയർകണ്ടീഷൻ ചെയ്യുക, മൂന്നു പാർക്കിംഗ് സ്റ്റാൻഡുകൂടി നിർമ്മിക്കുക, റൺവേ ലൈറ്റിംഗ്, റൺവേ മെച്ചപ്പെടുത്തൽ, എയർസ്പേസ് സർപൈലന്റ് റഡാർ സ്ഥാപിക്കൽ, സിറ്റിസൈഡ് കാനോപ്പികൾ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതിനുപരിയായി നിലവിലുള്ള ടെർമിനൽ ആധുനീകരിക്കുന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ചുരുക്കത്തിൽ ഒരു അന്താരാഷ്ട്ര വിമാനത്താവളത്തിന് ആവശ്യമായ എല്ലാ വിധ സൗകര്യങ്ങളും ഏറെക്കുറെ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതിയ ഇന്റർനാഷണൽ ടെർമിനൽ, ഉടൻ നിർമ്മിക്കണമെന്നും എല്ലാസമയത്തും വിമാനം ഇറങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കണമെന്നും എമിഗ്രേഷൻ, കസ്റ്റംസ് സംവിധാനം കൂടുതൽ എളുപ്പമാക്കണമെന്നും തിരുവനന്തപുരം നഗരത്തെ കൊച്ചിയുമായും കോഴിക്കോടുമായും ബന്ധിപ്പിക്കുന്ന സർവ്വീസ് ആരംഭിക്കണമെന്നും തിരുവനന്തപുരം വിമാനത്താവളത്തെ ദ്വൈമയാന യാത്രക്കാരുടെ ഗേറ്റ് വേ ആയി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) തിരുവന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി ഇതേവരെ 84 കോടിരൂപ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയിൽനിന്ന് ചെലവാക്കിയിട്ടുണ്ട്.

(ഡി) വിമാനത്താവള വികസനത്തിന് സ്ഥലം അക്വയർ ചെയ്യുന്ന നടപടി പുരോഗമിച്ചുവരികയാണ്.

(ഇ) 27 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(എഫ്) കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആകെ 69.5 ഏക്കർ സ്ഥലമാണ് ഇപ്പോൾ അക്വയർ ചെയ്ത 27 ഏക്കറുൾപ്പെടെ വികസനത്തിന് ആവശ്യമായിട്ടുള്ളത്.

(ജി) 27 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. രണ്ടായിരാമാണ്ട് ജനുവരി അവസാനത്തോടെ ഇതുസംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. രാഘവൻ</u> : സർ, കണ്ണൂർ വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതിനെ സംബന്ധിച്ച് പറയണമെങ്കിൽ അതിന് പ്രത്യേക നോട്ടീസ് വേണം. എന്നിരുന്നാലും ചോദിച്ചതുകൊണ്ട് മറുപടി പറയാം. കണ്ണൂർ എയർപോർട്ടിനെ സംബന്ധിച്ച് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടും ഒബ്സ്റ്റക്കിൾ സർവ്വേ റിപ്പോർട്ടും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. പി. രാഘവൻ</u> : ഇനി കണ്ണൂരിൽ പുതിയ വിമാനത്താവളം അനുവദിക്കുന്നതല്ലെന്ന് ഈ അടുത്തകാലത്തായി കേന്ദ്രത്തിലെ ചില മന്ത്രിമാർ പരസ്യമായി പ്രസ്താവിച്ചതായിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ വിമാനത്താവളം ഇപ്പോഴെങ്കിലും നമുക്ക് ലഭിക്കുമെന്നുള്ള പ്രതീക്ഷയുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോഴും പ്രതീക്ഷയ്ക്കൊരു കുഴപ്പവുമില്ല. പ്രതീക്ഷയുണ്ട് എന്നുമാത്രമല്ല ഇപ്പോഴത്തെ കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി ശ്രീ. യാദവുമായി ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചിട്ടുമുണ്ട്. സംസാരിച്ചതിനു ശേഷം ഇതുസംബന്ധിച്ച് രാജ്യസഭയിൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി ചിലകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷേ ശ്രീ. യാദവിനോട് ഇക്കാര്യം സംസാരിച്ചപ്പോൾ തീർച്ചയായും ഇതൊരു പൊളിറ്റിക്കൽ ഡിസിഷനായിട്ട് വരേണ്ടിവരുമെന്നാണ് സൂചന കിട്ടിയത്. പക്ഷേ ഈ ഗവൺമെന്റ്തന്നെ കേന്ദ്രത്തിൽ നിൽക്കുമോ അതോ വേറെ ഗവൺമെന്റ് വരുമൊയെന്ന് നമുക്ക് നോക്കാം. ഏതായാലും ഇതിനുവേണ്ടി നമുക്ക് കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടിവരും. ഇപ്പോൾ അവർ മുമ്പ് സെക്രട്ടറി കൊടുത്ത റിപ്പോർട്ടാണ് മറുപടിയായി കൊടുത്തിട്ടുള്ളത്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കണ്ണൂർ വിമാനത്താവളം അവിടെ തുടങ്ങുന്നത് ഫീസിബിൾ അല്ല എന്നാണ് അത് ഒരു ചോദ്യത്തിനുള്ള മറുപടിയായിട്ടാണ് രാജ്യസഭയിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അതിനുവേണ്ടി വീണ്ടും അഭ്യർത്ഥിക്കേണ്ടതായിട്ടുമുണ്ട് അതിനുള്ള സാദ്ധ്യതയുണ്ടെന്ന് പ്രതീക്ഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് സംസ്ഥാന ഗവൺമെന്റ് വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ലായെന്നുള്ള പരാതി പരിഹരിക്കാൻ ഗവൺമെന്റ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : നടപടികളൊക്കെ എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അതിന്റെ വൈസ്-ചെയർമാനാണ്. നമ്മളൊക്കെ കൂടിത്തന്നെയാണ് അത് നന്നാക്കാൻ നോക്കുന്നത്. താനും അതിൽ അംഗമാണല്ലോ. ആ കമ്മിറ്റിയിലെ അംഗമല്ല? അപ്പോൾ നമ്മളെല്ലാവരും കൂടി ശ്രമിക്കുകയാണ്. അത് വിപുലപ്പെടുത്തി നന്നാക്കാൻപോവുകയാണ്. തീർച്ചയായിട്ടും താമസിയാതെ അത് പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രശ്നം കേന്ദ്രത്തിലെ പുതിയ വ്യോമയാന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം എന്തായിരുന്നു എന്ന് ഒന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ബഹുമാനപ്പെട്ട സ്പീക്കറും വനം വകുപ്പുമന്ത്രിയുംചേർന്ന് അതുസംബന്ധിച്ച് കേന്ദ്രത്തിലെ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് നിവേദനം കൊടുത്തിട്ടുണ്ട്. അതിനുമുൻപ് ഞാൻ നേരിട്ട് തന്നെ നിവേദനം കൊടുത്തിരുന്നു. ഞാൻ നിവേദനം കൊടുത്തതിന്റെ പിറ്റേദിവസംതന്നെയാണ് ബഹുമാനപ്പെട്ട സ്പീക്കറും വനം വകുപ്പു മന്ത്രിയുംകൂടി അവിടെപ്പോയി നിവേദനം കൊടുത്തത്. അതിൽ അനുകൂലമായ നടപടിയുണ്ടാവുമോ എന്ന് ഇന്നത്തെ കേന്ദ്ര ഗവൺമെന്റിന്റെ ഭരണത്തിന്റെ സ്വഭാവത്തിന്റെ രീതി നോക്കിയേ തീരുമാനിക്കാൻ കഴിയൂ. ശ്രീ. യാദവ് പണ്ട് നമ്മളുടെ കൂടെ ഉണ്ടായിരുന്ന കക്ഷിയാണ്. ഇപ്പോൾ അപ്പുറം പോയിരിക്കുകയാണ്. അദ്ദേഹം അനുകൂലമായ മറുപടിയാണ് ഇപ്പോൾ തന്നിട്ടുള്ളത്. ഇനി ഈ കക്ഷി എങ്ങനെ മാറുമെന്ന് പറയാനാവില്ല. തീർച്ചയായിട്ടും മാറുംപോൾ നമുക്ക് അനുകൂലമായ സ്ഥിതി വന്നുകൂടായ്കയില്ല. അങ്ങനെയൊരു പൊളിറ്റിക്കൽ ഡിസിഷൻ കൂടി വേണ്ടിവരും.

<u>ശ്രീ. പി.കെ. കുമാരൻ</u> : തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് വരുന്ന യാത്രക്കാരുടെ കൂടെവരുന്നവർക്ക് മഴയിലും വെയിലിലും നിന്ന് രക്ഷനേടുന്നതിന് എന്തെങ്കിലും സംവിധാനം അവിടെ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സംവിധാനമൊക്കെ അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്രീയ വിമാനത്താവളത്തിലേയ്ക്ക് വരുന്ന യാത്രക്കാരുടെ കൂടെ വരുന്നവർക്ക് മഴയിലും വെയിലിലും നിന്ന് രക്ഷനേടുന്നതിന് എയർപോർട്ടിന് വെളിയിൽ സിറ്റിസൈഡ് കാനോപ്പി എന്നുപറഞ്ഞുള്ള സൗകര്യങ്ങൾ ഏർപ്പാട് ചെയ്തിട്ടുണ്ട്. അതിന്റെ അർത്ഥം മനസ്സിലായായെന്നു എനിക്കറിഞ്ഞുകൂടാ.

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് വരുന്നവരെ കസ്റ്റംസ് ഉദ്യോഗസ്ഥൻമാർ പീഡിപ്പിക്കുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ.കെ. നായനാർ</u> : കസ്റ്റംസ് ഉദ്യോഗസ്ഥൻമാരെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് വരുന്ന യാത്രക്കാരെ കസ്റ്റംസ് ഉദ്യോഗസ്ഥൻമാർ പീഡിപ്പിക്കുന്നതായിട്ടുള്ള ചില പരാതികൾ കിട്ടി. അത് പ്രധാനമന്ത്രിക്ക് അയച്ചുകൊടുത്തു. തുടർന്ന് ഏതാനും ഉദ്യോഗസ്ഥൻമാരെ സി.ബി.ഐ ഉദ്യോഗസ്ഥൻമാർ പിടികൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. പാലോട് രവി</u> : തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായുള്ള സ്ഥലമെടുപ്പിന് ഇപ്പോഴും ഫണ്ടില്ലെന്നാണ് പറയുന്നത്. നമ്മുടെ ബഡ്ജറ്റിൽ അതിനുള്ള വിഹിതമില്ല. ഇതിനാവശ്യമായ പണം 30 കോടി രൂപയായാലും 50 കോടി രൂപയായാലും അത് കണ്ടെത്താമെന്ന് അങ്ങ് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ പറഞ്ഞിരുന്നു. അതിനു ശേഷം ഫണ്ടിന്റെ അപര്യാപ്തത കൊണ്ടാണ് ഒച്ചിഴയുന്ന വേഗതയിൽ തുടർന്നുള്ള നടപടികൾ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നത്, അതുകൊണ്ട് വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള പണികൾ, സ്ഥലമെടുപ്പിന്റെ കാര്യം എന്നിവ പുതിയ നൂറ്റാണ്ടിന്റെ ആരംഭത്തിലെങ്കിലും പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് അങ്ങ് ധനകാര്യ വകുപ്പുമന്ത്രിക്ക് നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തെറ്റാണ് 50 കോടി രൂപയായാലും കൊടുക്കാമെന്ന് ധാരണയിലെത്തിയതായി പറഞ്ഞത് ശരിയല്ല. 30 കോടിരൂപ കൊടുക്കാൻ, അതിന്റെ ആവശ്യമുണ്ടെന്ന കാര്യം എന്നെ ഇതേവരെ അറിയിച്ചിട്ടില്ല. അത് നേരത്തെ അറിയിച്ചിരുന്നുവെങ്കിൽ ഞാൻ അതിൽ ഇടപെടുമായിരുന്നു. ഇപ്പോൾ ശ്രീ. പാലോട് രവി പറഞ്ഞപ്പോഴാണ് എനിക്ക് അതിന്റെ സംഗതി മനസ്സിലാകുന്നത്. എന്നോട് അതു സംബന്ധിച്ച് പറയണ്ടേ? പണമില്ലെന്നു പറഞ്ഞാൽ ഞാൻ കൊടുക്കുകയില്ലേ?

<u>ശ്രീ. ആന്റണി രാജു</u> : സർ, ഇവിടെ പാലോട് രവി ചോദിച്ച ചോദ്യവുമായി ബന്ധപ്പെട്ടൊരു ചോദ്യമാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്. 27 ഏക്കർ സ്ഥലമെടുക്കുന്നതിനെക്കുറിച്ച് നേരത്തെ അങ്ങ് പറയുകയുണ്ടായി. ജനുവരി രണ്ടായിരത്തോടുകൂടി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് അങ്ങ് ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. 30 കോടിരൂപ അതിനുവേണ്ടി അനുവദിക്കുമെന്ന് അങ്ങ് തന്നെ പലപ്രാവശ്യം ഈ നിയമസഭയിൽ പറയുകയുണ്ടായി. എന്നാൽ ജനുവരിക്കു മുൻപായി 30 കോടി രൂപ കൈമാറുന്നതിനുള്ള നടപടി അങ്ങ് കൈക്കൊള്ളുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതിനുവേണ്ടി 30 കോടി രൂപ ശ്രീ. ആന്റണി രാജുവിന് കൊടുക്കാൻ തയ്യാറല്ല. ആവശ്യമുള്ളവർ ചോദിച്ചാൽ കൊടുക്കാം. അതിനെപ്പറ്റി പിന്നീട് ഞാൻ ആലോചിക്കുന്നതാണ്. എന്തായാലും നിങ്ങൾക്ക് തരുകയില്ല.

<u>ശ്രീ. കെ. ബാബു</u> : സർ, നെടുമ്പാശ്ശേരി വിമാനത്താവളം അന്താരാഷ്ട്രവിമാനത്താവളമാക്കി പ്രഖ്യാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്? നെടുമ്പാശ്ശേരി വിമാനത്താവളം ഇപ്പോൾ കോടിക്കണക്കിന് രൂപ നഷ്ടത്തിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അത് അങ്ങനെ സംഭവിക്കാനുള്ള പ്രധാനകാരണം അവിടേക്ക് എത്തിച്ചേരാനുള്ള റോഡുകളുടെ അപര്യാപ്തതയാണ്. അവിടെ റോഡുകളുടെ അപര്യാപ്തതയെക്കുറിച്ച് അങ്ങയ്ക്കുതന്നെ അറിയാം. ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : നെടുമ്പാശ്ശേരി വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി മാറ്റുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേന്ദ്രമന്ത്രി ശ്രീ. യാദവിനോട് ഞാൻ ഇതേക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. അവിടെ സമ്മർദ്ദം ചെലുത്തിയിട്ടുമുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പോയതിന്റെ തലേന്ന് ഞാൻ കേന്ദ്ര മന്ത്രിയെ ഇക്കാര്യത്തിനായി കണ്ടിരുന്നു. നെടുമ്പാശ്ശേരി വിമാനത്താവളത്തെ ഉടനേതന്നെ അന്താരാഷ്ട്ര വിമാനത്താവളമാക്കണമെന്ന് അദ്ദേഹം അന്ന് പറഞ്ഞിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി അതിനുവേണ്ടി ശ്രമിക്കാമെന്നാണ് ശ്രീ യാദവ് എന്നോട് പറഞ്ഞത്. അക്കാര്യം കേന്ദ്രമന്ത്രി ശ്രദ്ധിക്കുമോയെന്ന് എനിക്ക് പറയാൻ കഴിയുകയില്ല. കാരണം ശ്രീ. യാദവ് ആണ് അതിനുബന്ധപ്പെട്ട മന്ത്രി. അദ്ദേഹം ശ്രമിക്കാമെന്ന് എന്നോട് പറഞ്ഞിട്ടുണ്ട്. എനിക്ക് അദ്ദേഹത്തെ മുമ്പേ അറിയാം. എന്തായാലും ശ്രമിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതേവരെ നെടുമ്പാശ്ശേരി ഒരു അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചിട്ടില്ല. അതാണ് നമുക്കുള്ള ദൗർബല്യം. കേന്ദ്രമന്ത്രിയാണ് അത് പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ എടുക്കേണ്ടത്. ഞാൻ ആ മന്ത്രിയുമായി ഇതേക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് വളരെ താമസിയാതെ തന്നെ ശ്രമിക്കാമെന്നാണ്. ഞാൻ അദ്ദേഹത്തെ ഇങ്ങോട്ട് ക്ഷണിച്ചിട്ടുമുണ്ട്. 'നിങ്ങൾ കേരളത്തിലേക്ക് വന്ന് ഇതൊന്ന് കാണണം, സ്ഥലമൊക്കെ വന്ന് കണ്ടതിനുശേഷം തീരുമാനിക്കണം' എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ താവിടത്തെ റോഡിന്റെ വികസനത്തിനായി ഒരു സബ്-കമ്മിറ്റിയുണ്ട്. ശ്രീ. ശർമ്മ അടക്കമുള്ളവർ ആ സബ്-കമ്മിറ്റിയിൽ അംഗങ്ങളാണ്. ആ സബ് കമ്മിറ്റി താവിടത്തെ റോഡുകളുടെ ഡെവലപ്മെന്റ് വർക്ക് ചെയ്യുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റേയും കണ്ണൂരിൽ വരാനിരിക്കുന്ന പുതിയ വിമാനത്താവളത്തിന്റേയും നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റേയും തിരുവനന്തപുരത്ത് വരികയോ വരാതിരിക്കുകയോ ചെയ്യാൻപോകുന്ന ഹൈക്കോടതി ബെഞ്ചിന്റേയും കാര്യങ്ങൾ നടപ്പിൽവരുത്തുമ്പോൾ, കേരളം ഒരുചെറിയ സംസ്ഥാനമാണ്, ഈ ചെറിയ സംസ്ഥാനത്ത് നിലനിൽക്കുന്ന റീജിയണൽ ബാലൻസ് രാഷ്ട്രീയനേതാക്കൻമാരുൾപ്പെടെയുള്ളവരുടെ മനസ്സിൽ അത് വലിയൊരു ആഘാതമാകാതിരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എത്രയും വേഗം തീരുമാനം ഉണ്ടാകുമോ ?

ശ്രീ. ഇ.കെ. നായനാർ : എന്തു തീരുമാനമാണ് വേണ്ടതെന്ന് പറഞ്ഞാൽ അത് ചെയ്തുകൊടുക്കാമല്ലോ. എന്താണ് വേണ്ടതെന്ന് പറയണം, ബാലൻസ് തെറ്റുകയൊന്നുമില്ല. കണ്ണൂരിലെ ബാലൻസ് പറഞ്ഞിട്ടാണ് ഇപ്പോൾ നിൽക്കുന്നത്. കാരണം മംഗലാപുരത്തിന്റേയും കോഴിക്കോടിന്റേയും അങ്ങോട്ടുവേണമെന്നുള്ളതാണ് ഇപ്പോൾ ഞാൻ പറഞ്ഞത്. അത് ശ്രീ. ഗുജ്റാൾ എടുത്ത ഒരു പൊളിറ്റിക്കൽ ഡിസിഷൻ ആണ് ഞാൻ എടുത്ത ഡിസിഷൻ അല്ല. ശ്രീ. ഗുജ്റാൾ പ്രധാനമന്ത്രിയായിരുന്നപ്പോൾ എടുത്ത ഡിസിഷനാണ്, പൊളിറ്റിക്കൽ ഡിസിഷനാണ്. അത് നീളവും വീതിയുമൊന്നും നോക്കിയിട്ടല്ല എടുത്തത്. എന്തുകൊണ്ട് എന്ന് ചിന്തിക്കണം സിംഗപ്പൂർ ഇന്ന് ഇന്റർനാഷണൽ എയർപോർട്ടാണ്. ആ എയർപോർട്ടിന് തിരുവനന്തപുരം എയർപോർട്ടിന്റെ അത്രയും വലിപ്പവും വീതിയുമൊക്കെയേ ഉള്ളു. തിരുവനന്തപുരം എയർപോർട്ടിലുള്ള അത്രയും ഏരിയ മാത്രമാണ് അവിടെ

യുമുള്ളത് അതും വലിയ ഇന്റർനാഷണൽ എയർപോർട്ടാണ്. രണ്ടുമണിക്കൂർ, മൂന്നുമണിക്കൂർ സമയംകൊണ്ടു ലണ്ടൻ ടു സിംഗപ്പൂർ എത്താം. ഇപ്പോഴത്തെ ഏറ്റവും വേഗതയുള്ള പ്ലെയിനും സിംഗപ്പൂർ എയർപോർട്ടിലിറങ്ങുന്നു. അവിടെ ഇന്റർനാഷണൽ ബിസിനസ് അതുകൊണ്ട് നടക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് വ്യവസായവൽക്കരണത്തിനും കൃഷിയുടെ അഭിവൃദ്ധിക്കും ഈ എയർപോർട്ടിന്റെ വികസനം വളരെ ആവശ്യമാണ്. ഹോൾ വേൾഡുമായി ബന്ധപ്പെട്ടുകൊണ്ട് വ്യാവസായിക വികസനത്തിനുള്ള പാത തെളിയിച്ചെടുക്കുന്നതിന് വിമാനത്താവളത്തിന്റെ വികസനം ആവശ്യമാണ്. ഇപ്പോൾ കൊച്ചി തന്നെ ബോംബേ ആകാൻപോവുകയാണ്. കൊച്ചിയിൽ എയർപോർട്ട് വന്നതോടുകൂടി അവിടെ വ്യവസായം ഡെവലപ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്, കച്ചവടക്കാരുടെ എണ്ണവും വർദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്, കാറുകളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. എയർപോർട്ട് വരിക എന്നുപറഞ്ഞാൽ ഇപ്പോൾ പണ്ടത്തെപ്പോലെയല്ല, പണ്ടുബസ്സും തിവണ്ടിയുമാണ്, ഇപ്പോൾ എയർപോർട്ടാണ്. ആ അടിസ്ഥാനത്തിൽ എന്തുവേണം? അവർ ഉന്നയിച്ചിട്ടുള്ള തടസ്സത്തിന് വിപരീതമായിട്ട് പറയാനുള്ള ആർഗ്യുമെന്റ്സ് നമ്മുടെ പക്കലുണ്ട്. കേരളം ഡെവലപ് ചെയ്യണമെങ്കിൽ എയർപോർട്ടും ആവശ്യമാണ്. തിരുവനന്തപുരം എയർപോർട്ടും ഡെവലപ് ചെയ്യേണ്ടത് ആവശ്യമാണ്. തിരുവനന്തപുരം എയർപോർട്ടും ഡെവലപ് ചെയ്യണം. ഈ എയർപോർട്ടുകൾ ഡെവലപ് ചെയ്താലേ അമേരിക്ക, ബ്രിട്ടൻ, വെയിൽസ്, ഫ്രാൻസ് മുതലായ രാജ്യങ്ങളുമായുള്ള ബിസിനസ് വളരെവേഗം ഡെവലപ് ചെയ്യിക്കാൻ നമുക്ക് കഴിയൂ. അതിനുവേണ്ടിയാണ് ഈ എയർപോർട്ടിന്റെ വികസനത്തിനുവേണ്ടി ശ്രമിക്കുന്നത്. കേരളം ഡെവലപ്പ് ചെയ്യണം. അതിന് തിരുവനന്തപുരം എയർപോർട്ട് വികസിപ്പിക്കണം. സിംഗപ്പൂരിലേയ്ക്ക് തിരുവനന്തപുരത്തുനിന്ന് ഈ വർഷം ഫ്ളൈറ്റുകൾ പോകാൻ തുടങ്ങിയിട്ടുണ്ട്. മുൻപ് സർവ്വീസ് നിർത്തലാക്കിതന്നതാണ്. അങ്ങനെ നിർത്തലാക്കിയ ഫ്ളൈറ്റുകൾ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സിംഗപ്പൂരിലേക്ക് ഇവിടെനിന്നും ആളുകൾ ദിവസേന പോകുന്നില്ലേ? ആഴ്ചയിൽ രണ്ടുദിവസം ബിസിനസ്സിനുവേണ്ടി തിരുവനന്തപുരത്തുനിന്ന് ആളുകൾ സിംഗപ്പൂരിലേക്ക് പോകുന്നുണ്ട്. ഇവിടെനിന്നും അങ്ങോട്ടേക്ക് കൊണ്ടുപോകുന്നു, അവിടെനിന്നും ഇങ്ങോട്ടേയ്ക്കും വരുന്നുണ്ട്. ഉദാഹരണത്തിന് രാവിലെ ഇവിടെ വറുത്തെടുക്കുന്ന ഏത്തക്കായ് മൂന്നമണിക്കൂർകൊണ്ട് ഗൾഫിൽ എത്തിച്ചേരും. രാവിലെ പച്ച ഏത്തക്കായ് വറുത്തുവച്ചാൽ അത് മൂന്നരമണിക്കൂർകൊണ്ട് വിദേശരാജ്യങ്ങളിലേക്ക് എത്തിച്ചേരും. അപ്പോൾ നമ്മുടെ ബിസിനസ് എത്രവേഗം കൂടുന്നു എന്ന് ചിന്തിക്കുക. കേരളത്തെ അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ഇലക്ട്രിസിറ്റി, എയർപോർട്ട് ഇതുപോലുള്ള ചില ഘടകങ്ങൾ നമുക്കാവശ്യമാണ്. അതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. അല്ലാതെ എന്റെ വീട്ടിലേക്ക് പോകാനുള്ള വിമാനത്തിനുവേണ്ടിയല്ല ഇത്. അതിനുവേണ്ടിയൊന്നുമല്ല എയർപോർട്ട് കണ്ണൂരിൽ വേണമെന്ന് പറയുന്നത്. തിരുവനന്തപുരം നന്നാകണം, കൊച്ചിയും ഡെവലപ് ചെയ്യണം, കണ്ണൂരും എയർപോർട്ട് വരണം. അതുപോലെതന്നെ മലപ്പുറത്തും എയർപോർട്ട് വേണം. അങ്ങനെ വന്നാൽ വ്യവസായ വികസനത്തിന്റെ കാര്യത്തിൽ കേരളത്തിന് അഭിവൃദ്ധി ഉണ്ടാകും, നമുക്ക് അഭിവൃദ്ധിയുണ്ടാകും. അതുകൊണ്ടാണ് എയർപോർട്ടിനുവേണ്ടി നമ്മൾ ശ്രമിക്കുന്നത്. അതിനെതിരെ കേന്ദ്രത്തിന്റെ അവഗണനയുണ്ട്. അതിനെതിരെ നമുക്ക് ശബ്ദമുയർത്തണം സമ്മർദ്ദം ചെലുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിന് സ്ഥലമെടുക്കാൻ പണം ആവശ്യപ്പെട്ടിട്ടില്ലെന്ന് പറഞ്ഞു. ഇപ്പോൾ ഇവിടെ സഭയിൽ സർക്കുലേറ്റ് ചെയ്ത സപ്ലിമെന്ററി ഗ്രാന്റ്സ് ഞാൻ നോക്കി. അതിൽ ഒരു പൈസപോലും തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി മാറ്റി വച്ചിട്ടില്ല. അതിന്റെ അർത്ഥം അതിനാവശ്യമായ സ്ഥലമെടുപ്പിനുള്ള പണം മാറ്റി വയ്ക്കാതിരുന്നാൽ ഇനിയും ആ സ്ഥലമെടുപ്പ് വളരെ നീണ്ടുപോകുമെന്നുള്ളതാണ്. അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി അതിന്റെ വികസനത്തിനായി എത്രപണം വേണമെന്ന് കണക്കാക്കി ഈ സപ്ലിമെന്ററി ഗ്രാന്റിൽ തന്നെ പണം നീക്കിവയ്ക്കാനുള്ള നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഈ കാര്യത്തിൽ ഞാൻ യോജിക്കുന്നു. എന്നാൽ ഇതേവരെ എന്നോട് അതിനുവേണ്ടി പണം ചോദിച്ചിട്ടില്ല, പണമില്ലെന്നുള്ളത് പറയണ്ടേ? അതിന്റെ ചാർജ്ജ് ഏല്പിച്ചിട്ടുള്ള കമ്മിറ്റിയുണ്ട്. ഒരു കമ്മിറ്റി ഇതിന്റെ ഡെവലപ്മെന്റിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. അതേക്കുറിച്ച് കൂടുതലൊന്നും ഞാൻ പറയുന്നില്ല.

മി. സ്പീക്കർ : യേസ്, ചോദ്യം 150, ശ്രീ. ടി.എം. ജേക്കബ്. ഉത്തരം ബഹുമാനപ്പെട്ട ആരോഗ്യവുംസ്പോർട്ട്സുംവകുപ്പുമന്ത്രി.

ഹെപ്പറ്റൈറ്റിസിനുള്ള ചികിത്സ

4 (*150) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹെപ്പറ്റൈറ്റിസ് 'ബി' വൈറസ് ബാധിച്ചിട്ടുള്ള എത്ര ആളുകളും എയ്ഡ്സ് ബാധിച്ചിട്ടുള്ള എത്ര ആളുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹെപ്പറ്റൈറ്റിസ് 'ബി' വൈറസിനെതിരായി ഫലപ്രദമായ ചികിൽസ നിലവിലുള്ളത് സാധാരണക്കാർക്ക് ലഭ്യമാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഹെപ്പറ്റൈറ്റിസ് 'ബി' വൈറസിനെതിരെയുള്ള പ്രതിരോധകുത്തിവയ്പ് എല്ലാവർക്കും സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികൾക്ക് നൽകുന്ന രോഗപ്രതിരോധ കുത്തിവയ്പിൽ ഒരിനമായി ഹെപ്പറ്റൈറ്റിസ് 'ബി' വൈറസിനെതിരെയുള്ള വാക്സിൻകൂടി ഉൾപ്പെടുത്തുമോ;

(ഇ) ഇതിനായി എന്തു തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) ഹെപ്പറ്റൈറ്റിസ് 'ബി' വൈറസ് ബാധിച്ചിട്ടുള്ളവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോ.ഷൺമുഖം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ

LIBRARY ARCHIVES Kerala Legislative Assembly